പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2181

15.07.2011 ൽ
മറുപടിക്ക്

## എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ

**ചോദ്യം**
ഡോ. കെ . ടി. ജലീൽ

**മറുപടി**
ശ്രീ. പി. കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വ്യത്യസ്ത യൂണിവേഴ്സിറ്റികൾക്കു കീഴിൽ സംസ്ഥാനത്ത് എത്ര എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ മാനേജ്മെന്റുകൾക്കുകീഴിൽ എത്ര കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് സമുദായം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മെരിറ്റ്, മാനേജ്മെന്റ് , എസ്. സി, എസ്. ടി, ഒ. ബി. സി. ക്വാട്ടകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ?

(എ) വ്യത്യസ്ത യൂണിവേഴ്സിറ്റികളിലായി 150 ആർട്സ് & സയൻസ് കോളേജുകൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ക്രിസ്ത്യൻ മാനേജ് മെന്റിൽ 78, മുസ്ളീം മാനേജ് മെന്റിൽ 20, ഹൈന്ദവ മാനേജ് മെന്റിൽ 52 ഉം കോളേജുകൾ പ്രവർത്തിക്കുന്നു.

(സി) ഇത്തരം കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മെരിറ്റ് ക്വാട്ട 50% വും പിന്നാക്ക സമുദായ കോളേജുകളിൽ 40 % വുമാണ്. വിവിധ കോളേജുകളിൽ മാനേജ് മെന്റ് ക്വാട്ട 20% വും, പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് 15% പട്ടിക വർഗ്ഗത്തിൽ പ്പെട്ടവർക്ക് 5% വുമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്ന് അപേക്ഷകർ ഇല്ലെങ്കിൽ, പ്രസ്തുത സീറ്റുകൾ ന്യൂനപക്ഷ പിന്നാക്ക സമുദായത്തിൽ നിന്നും മറ്റ് പിന്നാക്ക സമുദായത്തിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് നല്കുന്നു.

സെക്ഷൻ ഓഫീസർ